# പുതുവർഷം- ബാബയ്ക്ക് സമാനമാകുന്നതിനുള്ള വർഷം

ഇന്ന് ത്രിമൂർത്തി ബാബ മൂന്ന് സംഗമത്തെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഒന്ന് ബാബ, രണ്ടാമത് ഈ യുഗ സംഗമം, മൂന്നാമത് ഈ വർഷത്തിന്റെ സംഗമം. മൂന്ന് സംഗമത്തിനും അതിന്റേതായ വിശേഷതകളുണ്ട്. ഓരോ സംഗമം, പരിവർത്തനപ്പെടുന്നതിന്റെ പ്രേരണ നല്കുന്നതാണ്. സംഗമയുഗം വിശ്വപരിവർത്തനത്തിന്റെ പ്രേരണ നല്കുന്നു. ബാബയുടെയും കുട്ടകളുടെയും സംഗമം സർവ്വ ശ്രേഷ്ഠ ഭാഗ്യമാണ്, ശ്രേഷ്ഠ പ്രാപ്തികളുടെ അനുഭവം ചെയ്യിക്കുന്നതാണ്. വർഷത്തിന്റെ സംഗമം നവീനതയുടെ പ്രേരണ നല്കുന്നതാണ്. മൂന്ന് സംഗമവും അതിന്റേതായ അർത്ഥത്തിലൂടെ മഹത്വമുള്ളതാണ്. ഇന്ന് സർവ്വ ദേശ-വിദേശത്തിലെ കുട്ടികൾ വിശേഷിച്ചും പഴയ ലോകത്തിന്റെ പുതു വർഷം ആഘോഷിക്കാൻ വേണ്ടി വന്നിരിക്കുന്നു. ബാപ്ദാദ സർവ്വ സാകാര രൂപധാരി അഥവാ ആകാര രൂപധാരി ബുദ്ധിയാകുന്ന വിമാനത്തിലൂടെ എത്തി ചേർന്നിരിക്കുന്ന കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു, പുതു വർഷം ആഘോഷിക്കുന്നതിനിന്റെ വജ്ര തുല്യമായ ആശംസകൾ നല്കി കൊണ്ടിരിക്കുന്നു കാരണം സർവ്വ കുട്ടികളും വജ്ര സമാനമായ ജീവിതമാണ് നയിച്ചു കൊണ്ടിരിക്കുന്നത്. ഡബിൾ ഹീറോയായില്ലേ? ഒന്ന് ബാബയുടെ അമൂല്യമായ രത്നമാണ്, ഹീറോ വജ്രമാണ്. രണ്ടാമത് ഹീറോ പാർട്ടഭിനയിക്കുന്ന ഹീറോയാണ് അതിനാൽ ബാപ്ദാദ ഓരോ സെക്കന്റ്, ഓരോ സങ്കല്പം, ഓരോ ജന്മത്തിന്റെ അവിനാശി ആശംസകൾ നല്കി കൊണ്ടിരിക്കുന്നു. നിങ്ങൾ ശ്രേഷ്ഠ ആത്മാക്കൾക്ക് ആസംസകളുടെ ദിനമെന്ന് പറയുന്നത് കേവലം ഇന്ന് മാത്രമല്ല. എന്നാൽ സദാ സമയം ശ്രേഷ്ഠ ഭാഗ്യമാണ്, ശ്രേഷ്ഠമായ പ്രാപ്തി കാരണം ബാബയ്ക്കും നിങ്ങൾ സദാ ആശംസകൾ നല്കുന്നു, ബാബ കുട്ടികൾക്കും ആശംസകൾ നല്കി സദാ പറക്കുന്ന കലയിലേക്ക് കൊണ്ടു പോകുന്നു. ഈ പുതു വർഷത്തിൽ ഈ വിശേഷ നവീനത ജീവിതത്തിൽ അനുഭവിച്ചു കൊണ്ടിരിക്കുന്നു- ഓരോ സെക്കന്റും, ഓരോ സങ്കല്പത്തിലും ബാബയ്ക്ക് സദാ ആശംസകൾ നല്കുന്നു എന്നാൽ പരസ്പരവും ഓരോ ബ്രാഹ്മണാത്മാവും അഥവാ ഏതെങ്കിലും അജ്ഞാനി ആത്മാവ് സംബന്ധം അഥവാ സമ്പർക്കത്തിൽ വന്നാലും ബാബയ്ക്ക് സമാനം സദാ, സർവ്വ ആത്മാക്കളെ പ്രതി ഹൃദയത്തിൽ നിന്നും സന്തോഷത്തിന്റെ ആശംസകൾ ഉണ്ടാകുന്നു. ആര് എങ്ങനെയാകട്ടെ എന്നാൽ നിങ്ങളുടെ സന്തോഷത്തിന്റെ ആശംസകൾ അവർക്കും സന്തേഷത്തിന്റെ പ്രാപ്തിയുടെ അനുഭവം ചെയ്യിക്കണം. ആശംസകൾ നല്കുക- ഇതാണ് സന്തോഷത്തിന്റെ കൊടുക്കൽ വാങ്ങൽ ചെയ്യുക. ആർക്കെങ്കിലും സന്തോഷത്തിന്റെ അശംസകൾ നല്കുമ്പോൾ അത് സന്തോഷത്തിന്റെ ആശംസകളാണ്.. ദുഃഖത്തിന്റെ സമയത്ത് ആശംസകൾ എന്ന് പറയില്ല. അതിനാൽ ഓരോ ആത്മാവിനെ കാണുമ്പോൾ സന്തോഷിക്കുക അല്ലെങ്കിൽ സന്തോഷം നല്കുക- ഇത് തന്നെയാണ് ഹൃദയത്തിന്റെ ആശംസകൾ. മറ്റുളള ആത്മാക്കൾ നിങ്ങളോട് എങ്ങനെ പെരുമാറിയാലും ബാപ്ദാദായിൽ നിന്നും സദാ ആശംസകളെടുക്കുന്ന നിങ്ങൾ ശ്രേഷ്ഠ ആത്മാക്കൾ സദാ സർവ്വർക്കും സന്തോഷം നല്കൂ. അവർ മുള്ള് നല്കട്ടെ, നിങ്ങൾ തിരിച്ച് ആത്മീയ റോസാപുഷ്പം നല്കൂ. അവർ ദുഃഖം നല്കട്ടെ, നിങ്ങൾ സുഖദാതാവിന്റെ കുട്ടികൾ സുഖം നല്കൂ. അവരെ പോലെയാകരുത്. അജ്ഞാനിയിൽ നിന്നും അജ്ഞാനിയാകാൻ സാധിക്കില്ല. സംസ്കാരങ്ങൾക്ക് അഥവാ സ്വഭാവത്തിന് വശപ്പെട്ട ആത്മാവിൽ നിന്നും നിങ്ങൾക്കും വശീഭൂതരാകാൻ സാധിക്കില്ല.

നിങ്ങൾ ശ്രേഷ്ഠ ആത്മാക്കളുടെ ഓരോ സങ്കല്പത്തിൽ സർവ്വരുടെ മംഗളത്തിന്റെ, ശ്രേഷ്ഠ പരിവർത്തനത്തിന്റെ, വശീഭൂതരിൽ നിന്നും സ്വതന്ത്ര്യരാക്കുന്നതിന്റെ ഹൃദയത്തിന്റെ ആശീർവാദം അഥവാ സന്തോഷത്തിന്റെ ആശംസകൾ സദാ സ്വാഭാവിക രൂപത്തിൽ കാണപ്പെടണം കാരണം നിങ്ങളെല്ലാവരും ദാതാവ് അർത്ഥം ദേവതയാണ്, നല്കുന്നവരാണ്. അതിനാൽ ഈ പുതു വർഷത്തിൽ വിശേഷിച്ച് സന്തോഷത്തിന്റെ ആശംസകൾ നല്കി കൊണ്ടിരിക്കൂ. ഇന്നത്തെ ദിനം അല്ലെങ്കിൽ നാളത്തെ ദിനത്തിന് ആശംസകൾ- ഇത് പറഞ്ഞ് പുതു വർഷം ആരംഭിക്കരുത്. പറയണം, ഹൃദയം കൊണ്ട് പറയണം. എന്നാൽ മുഴുവൻ വർഷവും പറയണം, കേവലം രണ്ട് ദിവസം മാത്രമല്ല പറയേണ്ടത്. മറ്റുള്ളവർക്ക് ഹൃദയം കൊണ്ട് ആശംസിക്കുമ്പോൾ, ആ ആത്മാവ് ഹൃദയത്തിന്റെ ആശീർവാദങ്ങളാൽ സന്തുഷ്ടമാകണം. അതിനാൽ സദാ ദിൽക്കുശ് മിഠായി വിതരണം ചെയ്തു കൊണ്ടിരിക്കണം. മിഠായി കഴിക്കേണ്ടതും കഴിപ്പിക്കേണ്ടതും കേവലം ഒരു ദിനം മാത്രമല്ല. നാളത്തെ ദിവസം മുഖത്തിന്റെ മിഠായി എത്ര വേണമൊ അത്രയും കഴിക്കാം, സർവ്വരെയും വളരെയധികം മിഠായി കഴിപ്പിക്കൂ. എന്നാൽ ഇതേപോലെ സർവ്വരെയും സദാ ഹൃദയം കൊണ്ട് ദിൽഖുശ് മിഠായി കഴിപ്പിച്ചു കൊണ്ടിരിക്കൂ എങ്കിൽ എത്ര സന്തോഷമുണ്ടായിരിക്കും. ഇന്നത്തെ ലോകത്തിൽ സാധാരണ മിഠായി കഴിക്കാൻ ഭയപ്പെടുന്നു, എന്നാൽ ഈ ദിൽഖുശ്

മിറായി എത്ര വേണമെങ്കിലും കഴിക്കാം, കഴിപ്പിക്കാം, ഇതിലൂടെ രോഗം വരില്ല കാരണം ബാപ്ദാദ കുട്ടികളെ സമാനമാക്കുന്നു. അതിനാൽ വിശേഷിച്ചും ഈ വർഷത്തിൽ ബാബയ്ക്ക് സമാനമാകുന്നതിന്റെ – ഇതേ വിശേഷത വിശ്വത്തിന് മുന്നിൽ, ബ്രാഹ്മണ പരിവാരത്തിന് മുന്നിൽ കാണിക്കൂ. ഓരോ ആത്മാവും ബാബ എന്ന് പറയുമ്പോൾ തന്നെ മധുരത അഥവാ സന്തോഷത്തിന്റെ അനുഭവം ചെയ്യുന്നു. ആഹാ ബാബ എന്ന് പറയുമ്പോൾ തന്നെ മുഖം മധുരിക്കുന്നു കാരണം പ്രാപ്തിയുണ്ടാകുന്നു. അതേപോലെ ഓരോ ബ്രാഹ്മണാത്മാവും മറ്റൊരു ബ്രാഹ്മണാത്മാവിന്റെ പേര് പറയുമ്പോൾ തന്നെ സന്തോഷിക്കണം കാരണം ബാബയ്ക്ക് സമാനമായി, നിങ്ങൾ സർവ്വരും ബാബയിലൂടെ പ്രാപ്തമായ വിശേഷതകൾ പരസ്പരം കൊടുക്കൽ വാങ്ങൽ ചെയ്യുന്നു, പരസ്പരം സഹയോഗി സാഥിയായി ഉന്നതി പ്രാപ്തമാക്കുന്നു. ജീവിത സാഥിയാകണ്ട എന്നാൽ കാര്യം ചെയ്യുന്നതിന് സാഥിയാകൂ. ഓരോ ആത്മാവും തനിക്ക് പ്രാപ്തമായിട്ടുള്ള വിശേഷതകളിലൂടെ പരസ്പരം സന്തോഷത്തിന്റെ കൊടുക്കൽ വാങ്ങൽ ചെയ്യുന്നുണ്ട്, ഇനിയും സദാ ചെയ്തു കൊണ്ടിരിക്കണം. ബാബയെ ഓർമ്മിക്കുമ്പോൾ തന്നെ സന്തോഷത്തിൽ നൃത്തം ചെയ്യുന്നു, അതേപോലെ ഓരോ ബ്രാഹ്മണാത്മാവിനെയും മറ്റൊരു ബ്രാഹ്മണാത്മാവ് ഓർമ്മിക്കുമ്പോൾ തന്നെ ആത്മീയ സന്തോഷത്തിന്റെ അനുഭവം ചെയ്യണം, പരിധിയുള്ള സന്തോഷത്തിന്റെയല്ല. സദാ ബാബയുടെ സർവ്വ പ്രാപ്തികളുടെയും സാകാര നിമിത്ത രൂപത്തിന്റെ അനുഭവം ചെയ്യണം. ഇതിനെയാണ് പറയുന്നത് ഓരോ സങ്കല്പം അഥവാ സദാ മറ്റുള്ളവർക്ക് ആശംസകൾ നല്കുക എന്ന്. സർവ്വരുടെയും ലക്ഷ്യം ഒന്ന് തന്നെയാണ്– ബാബയ്ക്ക് സമാനമാകുക തന്നെ വേണം കാരണം സമാനമാകാതെ ബാബയോടൊപ്പം സ്വീറ്റ് ഹോമിലേക്ക് പോകാൻ സാധിക്കില്ല, ബ്രഹ്മാബാബയോടൊപ്പം രാജ്യത്തിൽ വരാനും സാധിക്കില്ല. ബാപാദാദയോടൊപ്പം തന്റെ വീട്ടിലേക്ക് പോകുന്നവർ തന്നെയാണ് ബ്രഹ്മാബാബയോടൊപ്പം രാജ്യത്തിൽ വരുന്നത്. മുകളിൽ നിന്നും താഴേക്ക് വരില്ലേ. കേവലം കൂടെ പോകുക മാത്രമല്ല എന്നാൽ കൂടെ വരികയും ചെയ്യും. ബ്രഹ്മാബാബയോടൊപ്പം തന്നെയാണ് പൂജ്യനീയരുമാകുന്നത്, ബ്രഹ്മാബാബയോടൊപ്പം തന്നെ പൂജാരിയുമാകും. അതിനാൽ അനേക ജന്മങ്ങളുടെ കൂട്ട്കെട്ടുണ്ട്. പക്ഷെ അതിന്റെ ആധാരം ഈ സമയത്ത് സമാനമായി കൂടെ പോകുന്നതിന്റെയാണ്.

ഈ വർഷത്തിന്റെ വിശേഷതകൾ കാണൂ– നമ്പറും 8,8 ആണ്. എട്ടിന് എത്രയോ മഹത്വമുണ്ട്. തന്റെ പൂജ്യനീയ സ്വരൂപത്തെ കാണുമ്പോൾ അഷ്ടഭുജാധാരി, അഷ്ട ശക്തികളുടെ തന്നെ സ്മരണയാണ്– അഷ്ട രത്നം, അഷ്ട രാജധാനികൾ– അഷ്ടത്തിന്റെ വ്യത്യസ്ഥമായ രൂപത്തിലൂടെ മഹിമയുണ്ട് അതിനാൽ ഈ വർഷം വിശേഷിച്ചും ബാബയ്ക്ക് സമാനമാകുന്നതിന്റെ ദൃഢ സങ്കല്പത്തിന്റെ വർഷം ആഘോഷിക്കൂ. കർമ്മം ചെയ്യുമ്പോൾ ബാബയ്ക്ക് സമാനമായി ചെയ്യൂ. സങ്കല്പിക്കൂ, സംസാരിക്കൂ, സംബന്ധ സമ്പർക്കത്തിൽ വരൂ, ബാബയ്ക്ക് സമാനമായി. ബ്രഹ്മാബാബയ്ക്ക് സാമനമാകുക എന്നത് സഹജമല്ലേ കാരണം സാകാരിയാണ്. 84 ജന്മമെടുക്കുന്ന ആത്മാവാണ്. പൂജ്യനീയ ആത്മാവും പൂജാരിയും സർവ്വതിന്റെയും അനുഭവീ ആത്മാവാണ്. പഴയ ലോകത്തിന്റെ, പഴയ സംസ്ക്കാരങ്ങളുടെ, പഴയ കർമ്മ കണക്കിന്റെ, സംഘഠനയിൽ പോകുന്നതിന്റെയും, നടത്തിക്കുന്നതിന്റെയും– സർവ്വ കാര്യങ്ങളുടെയും അനുഭവിയാണ്. അതിനാൽ അനുഭവിയെ അനുകരിക്കുക എന്നത് പ്രയാസമല്ല. ബാബ പറയുന്നു ബ്രഹ്മാബാബയുടെ ഓരോ ചുവടിൻമേൽ ചുവട് വയ്ക്കൂ. പുതിയ ഒരു മാർഗ്ഗവും കണ്ടു പിടിക്കണ്ട, കേവലം ഓരോ ചുവടിൻമേൽ ചുവട് വയ്ക്കണം. ബ്രഹ്മാവിനെ കോപ്പി ചെയ്യൂ. അത്രയും സാമാന്യബോധം ഉണ്ടല്ലോ. കേവലം സമാനമാക്കി പോകൂ കാരണം ബാപ്ദാദ– രണ്ടു പോരും നിങ്ങളുടെ കൂടെ പോകുന്നതിന് വേണ്ടി കാത്തിരിക്കുന്നു. നിരാകാരനായ ബാബ പരംധാം നിവാസിയാണ് എന്നാൽ സംഗമയുഗത്തിൽ സാകാരത്തിലൂടെ പാർട്ട് അഭിനയിക്കണമല്ലോ അതിനാൽ നിങ്ങളുടെ ഈ കല്പത്തെ പാർട്ട് സമാപ്തമാകുന്നതിനോടൊപ്പം ബാബയും , ദാദായും– രണ്ട് പേരുടെയും ഈ കല്പത്തിലെ പാർട്ട് സമാപ്തമാകണം. പിന്നെ അടുത്ത കല്പം ആവർത്തിക്കും അതിനാൽ നിരാകാരനായ ബാബയും നിങ്ങൾ കുട്ടികളുടെ പാർട്ടിനോടൊപ്പം ബന്ധിക്കപ്പെട്ടിരിക്കുന്നു. ശുദ്ധമായ ബന്ധനമാണ്. എന്നാൽ പാർട്ടിന്റെ ബന്ധനമുണ്ടല്ലോ. സ്നേഹത്തിന്റെ ബന്ധനം, സേവനത്തിന്റെ ബന്ധനം.... എത്ര മധുരമായ ബന്ധനമാണ്. കർമ്മകണക്കുള്ള ബന്ധനമല്ല.

അതിനാൽ പുതു വർഷം സദാ ആശംസകളുടെ വർഷമാണ്. പുതിയ വർഷം സദാ ബാബയ്ക്ക് സമാനമാകുന്നതിന്റെ വർഷമാണ്. പുതിയ വർഷം ബ്രഹ്മാബാബയെ അനുകരിക്കുന്നതിനുള്ള വർഷമാണ്. പുതിയ വർഷം ബാബയോടൊപ്പം സ്വീറ്റ് ഹോമ്, സ്വീറ്റ് രാജധാനിയിൽ കൂടെ വസിക്കുന്നതിന്റെ വരദാനം പ്രാപ്തമാക്കുന്നതിനുള്ള വർഷമാണ് കാരണം ഇപ്പോൾ മുതലേ സദാ കൂടെ വസിക്കും. ഇപ്പോൾ കൂടെ വസിക്കുന്നത് സദാ കൂടെ വസിക്കുന്നതിനുള്ള വരദാനമാണ്. ഇല്ലായെങ്കിൽ വിവാഹ ശേഷം വരന്റെ കൂടെ പോകുന്നവരുടെ കൂട്ടത്തിൽ പോകും, സമീപ സംബന്ധത്തിൽ വരുന്നതിന് പകരം ദൂരെയുള്ള സംബ

ഡികളായി മാറും. ഇടയ്ക്കിടയ്ക്ക് മിലനം ചെയ്യും.  ഇടയ്ക്കിടയ്ക്കുള്ളവരല്ലല്ലോ? ആദ്യത്തെ ജന്മത്തിൽ ആദ്യത്തെ രാജ്യ സുഖവും, ആദ്യത്തെ നമ്പറിലെ രാജ്യ അധികാരി വിശ്വ മഹാരാജാ– വിശ്വ മഹാറാണിയുടെ റോയൽ സംബന്ധം, അതിന്റെ തിളക്കവും പ്രഭാവവും എത്ര വേറിട്ടതായിരിക്കും. രണ്ടാമത്തെ നമ്പറിലുള്ള വിശ്വ മഹാരാജാ– മഹാറാണിയുടെ റോയൽ ഫാമിലിയിലും വന്നാൽ, അതിലും വ്യത്യാസമുണ്ട്. ഒരു ജന്മത്തിലും വ്യത്യാസം ഉണ്ടാകും. ഇതിനെയും കൂടെ എന്ന് പറയില്ല. ഏതൊരു വസ്തുവും ഒരു പ്രാവശ്യം ഉപയോഗിച്ചാൽ അതിനെ പിന്നെ ഉപയോഗിച്ച വസ്തുവെന്നല്ലേ പറയുന്നത്. പുതിയത് എന്ന് പറയില്ലല്ലോ. കൂടെ പോകണം, കൂടെ വരണം, കൂടെ ആദ്യത്തെ ജന്മത്തിന്റെ രാജ്യത്തിലെ റോയൽ പരിവാരത്തിലേതായി വരണം. ഇതിനെയാണ് പറയുന്നത് സമാനമാകുക എന്ന്. അപ്പോൾ എന്ത് ചെയ്യണം, സമാനമാകണോ അതോ പിന്നാലെ പോകുന്നവരാകണോ?

ബാപ്ദാദ അജ്ഞാനി, ജ്ഞാനി ആത്മാക്കളുടെ ഒരു വ്യത്യാസം കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഒരു ദൃശ്യത്തിന്റെ രൂപത്തിൽ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ബാബയുടെ കുട്ടികൾ എങ്ങനെ അജ്ഞാനികളെങ്ങനെ? ഇന്നത്തെ ലോകത്തിൽ നിരാകാരി ആത്മാക്കൾ എന്തായി തീർന്നു? ഇന്നത്തെ കാലത്ത് ഏതെങ്കിലും വലിയ ഫാക്ടറികളിൽ അഥവാ എവിടെയെങ്കിലും തീ കത്തുന്നുണ്ടെങ്കിൽ പുക പോകുന്നതിന് ചിമിനി സ്ഥാപിക്കുന്നില്ലേ. അതിലൂടെ സദാ പുക വന്നു കൊണ്ടിരിക്കുന്നു, ചിമിനി സദാ കറുപ്പായി കാണപ്പെടുന്നു. ഇന്നത്തെ മനുഷ്യർ വികാരിയായത് കാരണം, ഏതെങ്കിലുമൊക്കെ വികാരത്തിന് വശപ്പെടുന്നത് കാരണം സങ്കല്പത്തിൽ, വാക്കുകളിൽ അസൂയ അഥവാ ഏതെങ്കിലും വികാരത്തിന്റെ പുക വന്നു കൊണ്ടിരിക്കുന്നു. കണ്ണുകളിലൂടെയും വാകാരത്തിന്റെ പുക വരുന്നു, ജ്ഞാനി ആത്മാക്കളുടെ ഫരിസ്ഥ രൂപത്തിലൂടെ സദാ ആശീർവാദങ്ങൾ വരുന്നു. ഒരിക്കലും സങ്കല്പത്തിൽ പോലും ഒരു വികാരത്തിനും വശപ്പെട്ട്, വികാരത്തിന്റെ അഗ്നിയുടെ പുക വരരുത്, സദാ ആശീർവാദങ്ങൾ വന്നു കൊണ്ടിരിക്കണം. അതിനാൽ ചെക്ക് ചെയ്യൂ– ആശീർവാദങ്ങൾക്ക് പകരം പുക വരുന്നില്ലല്ലോ? ഫരിസ്ഥയെന്നത് ആശീർവാദങ്ങളുടെ സ്വരൂപമാണ്. അങ്ങനെയുള്ള എന്തെങ്കിലും സങ്കല്പം വരുകയാണെങ്കിൽ അഥവാ വാക്കുകൾ വന്നാൽ ഈ ദൃശ്യം മുന്നിൽ കൊണ്ടു വരണം– ഞാൻ എന്തായി മാറി, ഫരിസ്ഥയിൽ നിന്നും മാറിയില്ലല്ലോ? വ്യർത്ഥ സങ്കല്പങ്ങളുടെയും പുകയുണ്ട്. മറ്റേത് ജ്വലിക്കുന്ന അഗ്നിയുടെ പുകയാണ്, അത് പകുതി അണഞ്ഞ അഗ്നിയുടെ പുകയാണ്. തീ മുഴുവനായും കത്തിയില്ലായെങ്കിലും പുക വരാറില്ലേ. അതിനാൽ സദാ ആശീർവാദങ്ങൾ വരുന്നത് പോലെയുള്ള ഫരിസ്ഥ രൂപമായിരിക്കണം. ഇവരെയാണ് പറയുന്നത് മാസ്റ്റർ ദയാലു, മാസ്റ്റർ കൃപാലു, ദയാമനസ്കൻ എന്ന്. അതിനാൽ ഈ പാർട്ട് അഭിനയിക്കൂ. സ്വയത്തിന്റെ മേലും കൃപ കാണിക്കൂ, മറ്റുള്ളവരുടെ മേലും കാണിക്കൂ. കേട്ടത്, കണ്ടത്– വർണ്ണിക്കരുത്, ചിന്തിക്കരുത്. വ്യർത്ഥത്തെ കുറിച്ച് ചിന്തിക്കരുത്, കാണരുത്– ഇതാണ് സ്വയത്തിന്റെ മേൽ കൃപ കാണിക്കുക, ആര് ചെയ്തോ അല്ലെങ്കിൽ പറഞ്ഞോ അവരെ പ്രതി പോലും സദാ ദയ കാണിക്കൂ, കൃപ കാണിക്കൂ അർത്ഥം വ്യർത്ഥം കേട്ടു, കണ്ടു, ആ ആത്മാവിനെ പ്രതി പോലും ശുഭ ഭാവന, സുഭ കാമനയുടെ കൃപ കാണിക്കൂ.  മറ്റൊരു കൃപയോ കൈകൾ കൊണ്ട് വരദാനമോ നല്കണ്ട എന്നാൽ മനസ്സിൽ വയ്ക്കരുത് – ഇതാണ് ആ ആത്മാവിനെ പ്രതി ദയ കാണിക്കുക . എന്തെങ്കിലും വ്യർത്ഥമായ കാര്യം കണ്ടു അഥവാ കേട്ടത് വർണ്ണിക്കുന്നുവെങ്കിൽ അർത്ഥം വ്യർത്ഥത്തിന്റെ ബീജത്തിന്റെ വൃക്ഷത്തെ വലുതാക്കുന്നു, അന്തരീക്ഷത്തിൽ വ്യാപിപ്പിക്കുന്നു– ഇത് വൃക്ഷമായി മാറുന്നു കാരണം മോശമായത് കാണുകയും കേൾക്കുകയും ചെയ്യുന്ന ഒരാൾക്ക് അത് തന്റെ മനസ്സിൽ മാത്രമായി വയ്ക്കാൻ സാധിക്കില്ല, രണ്ടാമതൊരാളെ തീർച്ചയായും കേൾപ്പിക്കും, വർണ്ണിക്കും. അത് ഒന്നിന് ഒന്നായി മാറുന്നു, പിന്നീടെന്ത് സംഭവിക്കും? ഒന്നിൽ നിന്നും അനേകതയിലേക്ക് പോകുന്നു. ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് പോയി മാല പോലെയായി മാറുമ്പോൾ, ചെയ്യുന്ന ആൾ ഒന്നും കൂടി വ്യർത്ഥത്തെ സ്പഷ്ടമാക്കുന്നതിനായി വാശിയിൽ വരുന്നു. അപ്പോൾ അന്തരീക്ഷത്തിൽ എന്ത് വ്യാപിച്ചു? ഈ പുക വ്യാപിച്ചില്ലേ. ഇത് ആശീർവാദമാണോ അതോ പുകയാണോ? അതിനാൽ വ്യർത്ഥത്തെ കണ്ടു കൊണ്ടും, കേട്ടു കൊണ്ടും സ്നേഹത്തോടെ, ശുഭ ഭാവനയോടെ ഉൾക്കൊള്ളൂ. വിസ്താരത്തിൽ പോകാതിരിക്കൂ. ഇതിനെയാണ് പറയുന്നത് മറ്റുള്ളവരുടെ മേൽ കൃപ കാണിക്കുക അർത്ഥം ആശീർവദിക്കുക. അതിനാൽ  സമാനമായി കൂടെ പോകുന്നതിനും കൂടെ വസിക്കുന്നതിനും തയ്യാറാകൂ. ഇവിടെ തന്നെ വസിച്ചാൽ മതി, കൂടെ പോകാനുള്ള തയ്യാറെടുപ്പ് ഇപ്പോൾ ചെയ്യണ്ട, കുറച്ചു കൂടി കഴിയട്ടെ– എന്ന് മനസ്സിലാക്കുന്നില്ലല്ലോ. കുറച്ചും കൂടി കഴിയട്ടെ എന്ന് ആഗ്രഹിക്കുന്നുണ്ടോ? ഇനിയും കാത്തിരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ബാബയ്ക്ക് സമാനമായിട്ട് കാത്തിരിക്കൂ. സമാനമാകൂ. എന്നിട്ട് കാത്തിരുന്നോളൂ, നിങ്ങൾ എവർറെഡിയല്ലേ? സേവനമാണോ അതോ ഡ്രാമയാണോ താമസിപ്പിക്കുന്നത്? അത് വേറെ കാര്യമാണ് എന്നാൽ നിങ്ങൾ തന്റെ തന്നെ കാരണം കൊണ്ട് നിന്നു പോകുന്നവരല്ലല്ലോ. കർമ്മബന്ധനത്തിന് വശപ്പെട്ട് നിന്നു പോകുന്നവരല്ല. കർമ്മത്തിന്റെ കണക്കിന്റെ അക്കൗണ്ട് സ്പഷ്ടവും വ്യക്തവുമായിരിക്കണം.  മനസ്സിലായോ.

ശരി.

നാനാ ഭാഗത്തുമുള്ള സർവ്വ കുട്ടികൾക്ക് പുതിയ  വർഷത്തിൽ മഹാനാകുന്നതിന്റെ ആശംസകൾ സദാ കൂടെയുണ്ട്. സർവ്വ ധൈര്യമുള്ള, ഫോളോ ഫാദർ ചെയ്യുന്ന, സദാ പരസ്പരം ദിൽക്കുശ് മിഠായി കഴിപ്പിക്കുന്ന, സദാ ഫരിസ്ഥയായി ആശീർവാദങ്ങൾ നേടുന്ന, അങ്ങനെയുള്ള ബാബയ്ക്ക് സമാനമായ ദയാലു, കൃപാലുവായ കുട്ടികൾക്ക് സമാനമാകുന്നതിന്റെ ആശംസകൾ അതോടൊപ്പം ബാപ്ദാദായുടെ സ്നേഹസ്മരണയും നമസ്തേ.

**ഡബിൾ വിദേശി സഹോദരി സഹോദരങ്ങളുമായുള്ള അവ്യക്ത ബാപ്ദാദായുടെ മിലനം** :സദാ സ്വയത്തെ സംഗമയുഗീ ശ്രേഷ്ഠ ആത്മാക്കളാണെന്നുള്ള അനുഭവം ചെയ്യുന്നുണ്ടോ? ശ്രേഷ്ഠ ആത്മാക്കളുടെ ഓരോ സങ്കല്പം അഥവാ വാക്ക് അഥവാ ഓരോ കർമ്മം സ്വതവേ തന്നെ ശ്രേഷ്ഠമായിരിക്കും. അതിനാൽ ഓരോ കർമ്മവും ശ്രേഷ്ഠമായില്ലേ? ആര് എങ്ങനെയാണൊ അതേപോലെയായിരിക്കും അവരുടെ കാര്യവും. അപ്പോൾ ശ്രേഷ്ഠാത്മാക്കളുടെ കർമ്മവും ശ്രേഷ്ഠമായിരിക്കില്ലേ. സ്മൃതിക്കനുസരിച്ച് സ്ഥിതിയും സ്വതവേയുണ്ടാകുന്നു. അതിനാൽ ശ്രേഷ്ഠ സ്ഥിതി സ്വാഭാവിക സ്ഥിതിയാണ് കാരണം വിശേഷ ആത്മാക്കളാണ്. ഉയർന്നതിലും വച്ച് ഉയർന്ന ബാബയുടേതായി അപ്പോൾ എങ്ങനെയാണൊ ബാബ അതേപോലെ കുട്ടികളുമായില്ലേ. കുട്ടികളോട് സദാ പറയാറുണ്ട്-അച്ഛനെ പ്രത്യക്ഷമാക്കുന്നത് മക്കൾ എന്ന്. അങ്ങനെ തന്നെയല്ലേ? ഹൃദയത്തിലുള്ളത് തന്നെയാണ് ബുദ്ധിയിലും വരുന്നത്, വാക്കിലും, സങ്കല്പത്തിലും വരുന്നത്. നിങ്ങൾ ഹൃദയത്തിന്റെ ഷേപ്പിലുള്ള കാർഡല്ലേ കൊണ്ടു വരുന്നത്. ഗിഫ്റ്റും ഹാർട്ടിന്റയാണ് നല്കുന്നത്. തന്റെ ഈ സ്ഥിതിയുടെ ചിത്രമല്ലേ അയക്കുന്നത്. സദാ ബാബയുടെ ഹൃദയത്തിൽ വസിക്കുന്നവർ, സദാ എന്ത് പറയുന്നുവൊ, ചെയ്യുന്നുവൊ അത് സ്വതവേ ബാബയ്ക്ക് സമാനമായിരിക്കും. ബാബയ്ക്ക് സാമനമാകുക പ്രയാസമൊന്നുമല്ലല്ലോ? കേവലം ബിന്ദുവെന്നത് ഓർമ്മിക്കൂ അപ്പോൾ പ്രയാസങ്ങൾ സമാപ്തമാകും. ബിന്ദുവാകാനും ബിന്ദുവിടാനും എത്ര സഹജമാണ്. മുഴുവൻ ജ്ഞാനവും ഈ ഒരു ബിന്ദുവെന്ന വാക്കിൽ അടങ്ങിയിട്ടുണ്ട്. നിങ്ങളും ബിന്ദു, ബാബയും ബിന്ദു, എന്ത് കഴിഞ്ഞു പോയോ അതിനും ബിന്ദുവിടൂ. ചെറിയ കുട്ടി പോലും എഴുതാൻ ആരംഭിക്കുമ്പോൾ ആദ്യം പെൻസിൽ കടലാസ്സിൽ വയ്ക്കുമ്പോൾ തന്നെ അത് എന്തായി മാറുന്നു? ബിന്ദുവാകില്ലേ? അതിനാൽ ഇതും കുട്ടികളുടെ കളിയാണ്. ഈ ജ്ഞാനത്തിന്റെ മുഴുവൻ പഠിപ്പും കളിയുടെ രൂപത്തിലാണ്. പ്രയാസമുള്ള കാര്യമല്ല നല്കിയിരിക്കുന്നത് അതിനാൽ കാര്യവും സഹജമാണ്, സഹജയോഗിയുമാണ്. ബോർഡിലും എഴുതുന്നുണ്ട്- സഹജ രാജയോഗം എന്ന്. അപ്പോൾ അങ്ങനെ സഹജമായി അനുഭവിക്കണം, ഇതിനെ തന്നെയാണ് ജ്ഞാനം എന്നു പറയുന്നത്. നോളേജ്ഫുൾ ആയവർ സ്വതവേ തന്നെ പവർഫുളുമായിരിക്കും കാരണം ജ്ഞാനത്തെ ലൈറ്റ് മൈറ്റ് എന്ന് പറയുന്നു. അതിനാൽ നോളേജ്ഫുൾ ആയ ആത്മാക്കൾ സഹജമായി തന്നെ ശക്തിശാലിയായതിനാൽ ഓരോ കാര്യത്തിലും സഹജമായി മുന്നോട്ടുയരുന്നു. ഈ മുഴുവൻ ഗ്രൂപ്പും സഹജയോഗികളുടെ ഗ്രൂപ്പല്ലേ. ഇതേപോലെ സഹജയോഗിയായിത്തന്നെ സ്ഥിതി ചെയ്യണം. ശരി.

## വരദാനം- സംശയത്തിന്റെ സങ്കല്പങ്ങളെ സമാപ്തമാക്കി മായാജീത്താകുന്ന വിജയി രത്നമായി ഭവിക്കട്ടെ.

ഒരിക്കലും ഞാൻ തോൽക്കും എന്ന സംശയത്തിന്റെ സങ്കല്പം ആദ്യം തന്നെ ഉത്പന്നമാകരുത്, സംശയബുദ്ധിയായാൽ പരാജയപ്പെടും അതിനാൽ സദാ ഞാൻ വിജയം പ്രാപ്തമാക്കി കാണിക്കും എന്ന സങ്കല്പം തന്നെ ഉണ്ടാകണം. വിജയം എന്റെ ജന്മസിദ്ധ അധികാരമാണ്, അങ്ങനെ അധികാരിയായി കർമ്മം ചെയ്യുകയാണെങ്കിൽ വിജയം അർത്ഥം സഫലതയുടെ അധികാരം തീർച്ചയായും പ്രാപ്തമാകുന്നു. ഇതിലൂടെ വിജയി രത്നമായി മാറും അതിനാൽ മാസ്റ്റർ നേളേജ്ഫുള്ളായ കുട്ടികളുടെ വായിലൂടെ അറിയില്ല എന്ന വാക്ക് ഒരിക്കലും വരരുത്.

## സ്ലോഗൻ- ദയാ ഭാവന സഹജമായി തന്നെ നിമിത്ത ഭാവത്തെ പ്രത്യക്ഷമാക്കുന്നു.